പി.എച്ച്.സി., കുംബഡാജെ	17 (പതിനേഴ്)	എച്ച്.എ. ഗ്രേഡ് II - 1 ജെ.പി.എച്ച്.എൻ. ഗ്രേഡ് I - 1 എൽ.എച്ച്.ഐ. ഗ്രേഡ് I - 1 ഫാർമസിസ്റ്റ് - 1 അസിസ്റ്റന്റ് സർജൻ - 1
പി.എച്ച്.സി., മുള്ളേരിയ	15 (പതിനഞ്ച്)	ജെ.പി.എച്ച്.എൻ. ഗ്രേഡ് I - 1
പി.എച്ച്.സി., ചെങ്കള	18 (പതിനെട്ട്)	ജെ.പി.എച്ച്.എൻ. ഗ്രേഡ് I - 1
പി.എച്ച്.സി., മൊഗ്രാൽപുത്തൂർ	17 (പതിനേഴ്)	ഒഴിവില്ല
പി.എച്ച്.സി., മധൂർ	8 (എട്ട്)	സ്റ്റാഫ് നഴ്സ് ഗ്രേഡ് I - 1

നിലവിലുള്ള അസിസ്റ്റന്റ് സർജന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I, എൽ.എച്ച്.ഐ. എന്നീ തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എച്ച്.എ. ഗ്രേഡ് I, പി.റ്റി.എസ്. എന്നീ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ല. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബദിയടുക്ക സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യം നിലവിലുണ്ടെങ്കിലും ബദിയടുക്കയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ബദിയടുക്ക സി.എച്ച്.സി.-യിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സി.എച്ച്.സി.-യായി തന്നെ നിലനിർത്തുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ സ്കാനിംഗ്, എക്സ്-റേ പരിശോധനകൾ

66 (2341) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ സ്കാനിംഗ്, എക്സ്-റേ തുടങ്ങിയ പരിശോധനകൾ ആവശ്യമുള്ള രോഗികൾക്ക് യഥാസമയം പരിശോധന നടത്താൻ കഴിയാത്ത സ്ഥിതി നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടിയന്തര പരിശോധന ആവശ്യമുള്ള രോഗികൾക്കുപോലും പരിശോധന നടത്തി ഫലം ലഭിയ്ക്കുന്നതിന് ദീർഘനാൾ കാത്തിരിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു കാരണം പല രോഗികൾക്കും സ്വകാര്യ ലാബുകളെ പരിശോധനകൾക്കായി ആശ്രയിക്കേണ്ടിവരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കാര്യക്ഷമമായ പരിശോധന സംവിധാനങ്ങൾ ഇല്ലാത്തത് രോഗികളെ ബുദ്ധിമുട്ടിക്കുന്നതാണെന്നതും സ്വകാര്യ ലാബുകളെ പരോക്ഷമായി സഹായിക്കുന്നതാണെന്നുമുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) രോഗികളുടെ ബാഹുല്യം കൂടുതലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇത്തരമൊരവസ്ഥ നിലവിലുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ എം.ആർ.ഐ/സി.റ്റി. സ്കാൻ/എക്സ്റേ മെഷീനുകളും ഡിജിറ്റൽ ആൻജിയോഗ്രാഫി സംവിധാനങ്ങളും തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

67 (2342) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടിക്രമം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ധനകാര്യവകുപ്പിൽ നിന്നും ലഭിച്ച കത്തിന് ആവശ്യമായ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) താലൂക്ക് ആശുപത്രിയായി ഉയർത്തി എന്നത്തേയ്ക്ക് ഉത്തരവിറക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly